# ചന്ദ്രവളയം

(മഹാത്മാഗാന്ധി സർവ്വകലാശാല മോഡൽ-2 ബി. എ.
സെമസ്റ്റർ-2 കോമൺ കോഴ്സ് മലയാളം)


spcs
വിതരണം
**നാഷണൽ ബുക്ക്സ്റ്റാൾ**

പാഠപുസ്തകം/₹30
ISBN 978-93-87439-40-5

Sahithya Pravarthaka Co-operative Society Ltd.
No 2458. Kottayam, Kerala State, India

Sales Department
**National Book Stall**
Thiruvananthapuram-Kollam-Alappuzha-
Kottayam- Thodupuzha- Ernakulam -Thrissur-
Palakkadu-Kozhikodu-Kalpatta-Kannur.
www.nationalbookstall.com

പ്രസിദ്ധീകരണ വിഭാഗം
മഹാത്മാഗാന്ധി സർവ്വകലാശാല

സാഹിത്യപ്രവർത്തക സഹകരണസംഘം
കോട്ടയം



# ചന്ദ്രവളയം

(മഹാത്മാഗാന്ധി സർവ്വകലാശാല മോഡൽ-2 ബി. എ.
സെമസ്റ്റർ-2 കോമൺ കോഴ്സ് മലയാളം)





പ്രസിദ്ധീകരണ വിഭാഗം
മഹാത്മാഗാന്ധി സർവ്വകലാശാല

സാഹിത്യപ്രവർത്തക സഹകരണസംഘം
കോട്ടയം


Scanned with CamScanner

**Chandravalayam**
(Malayalam)
(M. G University Model-2 B.A. Semester-II Common Course Malayalam)
© Mahatma Gandhi University
General Editor
Dr. V. P. Markose

Compilation and notes preparation
O. Arun Kumar

Published by
Dr. Aju K. Narayanan
Department of Printing & Publishing
Mahatma Gandhi University
Kottayam, Kerala
In association with
Sahithya Pravarthaka Co-operative Society Ltd. No. 2458
Kottayam, Kerala
Email: spcsktm@gmail.com

Price ₹ 30.00

Cover Design
Salimon

First Published November 2017
Type Setting at SPCS Ltd.

ISBN 978-93-87439-40-5

978000031152

Printed at M. P. Paul Smaraka
Offset Printing Press (SPCS), Kottayam

Sales Department
**National Book Stall**
Thiruvananthapuram-Kollam-Alappuzha
Kottayam -Thodupuzha-Ernakulam (Marine Drive)
Thrissur- Palakkadu-Kozhikkodu-Kalpatta-Kannur
www.nationalbookstall.com

S 9683 B 5970 141/17-18 I-2000

# ആമുഖം

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ബിരുദതല പ്രോഗ്രാമുകൾക്ക് 2017 മുതൽ നടപ്പിലാകുന്ന പരിഷ്കരിച്ച പാഠ്യപദ്ധതിപ്രകാരം തയ്യാറാക്കിയിട്ടുള്ള മലയാളം പാഠപുസ്തകമാണിത്. മോഡൽ 2 ബി.എ.യുടെ രണ്ടാം സെമസ്റ്ററിലെ 'കവിതയും നാടകവും' എന്ന കോഴ്സിലെ കവിതകളെ ഉൾപ്പെടുത്തിക്കൊണ്ട് തയ്യാറാക്കിയിട്ടുള്ളതാണ് ഈ പുസ്തകം. ആധുനികകവിത്രയം മുതൽ പുതുതലമുറ കവികൾവരെയുള്ള മലയാള കാവ്യപാരമ്പര്യത്തിലെ പ്രതിനിധികളാണ് ഈ സമാഹാരത്തിലുള്ളത്. മലയാള കാവ്യസംസ്കാരത്തിന്റെ പഴമയും ദർശനവും ഈ സമാഹാരത്തിലെ കവിതകൾ കാണിച്ചുതരും. ഭാവരൂപതലങ്ങളിൽ മലയാളകവിത സഞ്ചരിച്ച വഴികളെക്കൂടി കാണിച്ചുതരത്തക്കവിധം പ്രാതിനിധ്യസ്വഭാവമുള്ള കവിതകളാണ് ഇതിൽ ഉള്ളവ. പുതിയ കാലവും പുതിയ ലോകവും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ ഇതിലെ കവിതകൾ വരച്ചിടുന്നുണ്ട്. ലിംഗപദവി, ദളിതവസ്ഥ, പരിസ്ഥിതിപ്രശ്നങ്ങൾ, പ്രണയം, രാഷ്ട്രീയനിലപാടുകൾ ഇവയൊക്കെ കയറിയിറങ്ങുന്ന കാവ്യവഴികളാണ് മലയാളത്തിന്റേത് എന്ന് ഇതിലെ കവിതകൾ നമ്മോട് പറയും. മലയാളത്തിന്റെ കാവ്യപാരമ്പര്യത്തെയും പുതുലോകത്തിന്റെ ദർശനവൈവിധ്യത്തെയും ഉൾക്കൊള്ളുന്ന ഈ കവിതകൾ മാനവികതയുടെ മൃദുസ്പർശത്തെക്കൂടി വായനക്കാരിലേക്കു പകരും.

ഈ സമാഹാരത്തിലെ കവിതകൾക്ക് കുറിപ്പുകൾ തയ്യാറാക്കി പുസ്തകം സംവിധാനംചെയ്തത് ചങ്ങനാശ്ശേരി എൻ.എസ്.എസ്. ഹിന്ദു കോളേജിലെ മലയാളം അദ്ധ്യാപകൻ ഒ. അരുൺകുമാറാണ്. പാഠ്യപദ്ധതിയും പാഠപുസ്തകവും തയ്യാറാക്കുന്നതിന് പിന്തുണയും സഹായങ്ങളും നല്കിയ സർവ്വകലാശാലാ അധികൃതരോടും സഹപ്രവർത്തകരോടും പുസ്തകം പ്രസിദ്ധീകരിക്കുന്നതിന് സഹായിച്ച സാഹിത്യപ്രവർത്തക സഹകരണസംഘത്തോടുമുള്ള കൃതജ്ഞതയും കടപ്പാടും ഇവിടെ രേഖപ്പെടുത്തുന്നു.

ജനറൽ എഡിറ്റർ

2019/10/1

Scanned with CamScanner

## കവിതകൾ


1. ഇനി യാത്ര പറഞ്ഞിടട്ടെ — *കുമാരനാശാൻ* ... 7
2. ആശുപത്രിയിൽ — *വൈലോപ്പിള്ളി* ... 10
3. മരിച്ച കുഞ്ഞുങ്ങൾ വരുന്നുണ്ട്... — *സുഗതകുമാരി* ... 16
4. മകനോട് — *കടമ്മനിട്ട രാമകൃഷ്ണൻ* ... 18
5. വിഷഗ്രന്ഥി — *സച്ചിദാനന്ദൻ* ... 21
6. ഗ്രീഷ്മവും കണ്ണീരും — *എ. അയ്യപ്പൻ* ... 23
7. അത് — *പി. പി. രാമചന്ദ്രൻ* ... 24
8. തിരസ്കാരം — *വി. മധുസൂദനൻനായർ* ... 26
9. തുടങ്ങിയവർ — *എം. ആർ. രേണുകുമാർ* ... 28
10. കടം — *കെ. ആർ. ടോണി* ... 30
11. ആലപ്പുഴവെള്ളം — *അനിത തമ്പി* ... 32
12. മരിച്ചുനോക്കുമ്പോൾ — *റഫീക്ക് അഹമ്മദ്* ... 35
13. ഓട്, റോസാ, ഓട് — *പി. എൻ. ഗോപീകൃഷ്ണൻ* ... 36
14. കാത്തുശിക്ഷിക്കണേ — *എം. എസ്. ബനേഷ്* ... 40
15. പ്ലാവിന്റെ കഥ — *എസ്. കലേഷ്* ... 42

കുറിപ്പുകൾ ... 45


2019/10

Scanned with CamScanner

## 10. കടം

### കെ. ആർ. ടോണി

പ്ലമേനമ്മായിയുടെ കൂട്ടുകാരിയാണ്
ഉരുണ്ടുചെറിച്ചി.
ഉയരം കുറവും തടി ജാസ്തിയുമാണ്;
നടന്നുപോകുന്നതു കണ്ടാൽ
ഉരുണ്ടുപോകുന്നതുപോലെ തോന്നും!
ചെറിച്ചിക്കു മക്കളില്ല.

ഒരിക്കൽ ഉരുണ്ടുചെറിച്ചി
അമ്മായിയോടു പറഞ്ഞു:
'നമ്മട ആൾക്ക് തീരെ സുഖമില്ല,
വയറിളക്കവും ശർദ്ദിയും വയറ്റുവേദനയും,
ഭയങ്കര ദാഹോ ണ്ട്;
പൊടിയരിയുണ്ടെങ്കിൽ
ഒരു നാഴി തന്നേ'
അമ്മായി എടങ്ങഴി പൊടിയരി കൊടുത്തു.
'കൊർച്ച് ജീരകവും ഇഞ്ചിയും കൂടി താ'
അതു കൊടുക്കുമ്പോൾ അമ്മായി ചോദിച്ചു:
'പനീണ്ടോ?—അതിന്ള്ള മര്ന്ന് ഇവിടീണ്ടേ.'
'പനീല്ല്യ, അതാ ഒരു സമാധാനം!'

പിറ്റേ ദിവസവും ചെറിച്ചി വന്നു:
'ഇണ്ടങ്ങെ ഒരു പത്തുരൂപ താ, മടക്കിത്തരാം;
ഒരു ബോധക്കേടുപോലെ കാട്ടുണ്ണു;
—ആശുപത്രി കൊണ്ടോണം.'

ആശുപത്രിയിൽ പ്രവേശിപ്പിച്ചതിന്റെ
മൂന്നാം പക്കം ആൾ മരിച്ചു,
കോളറയായിരുന്നു!





ഒരാഴ്ച കഴിഞ്ഞപ്പോൾ
അമ്മായിയുടെ മോൻ ചാക്കുണ്ണിക്ക്
വയറിളക്കം തുടങ്ങി;
ഉടനെ ആശുപത്രിയിലാക്കി;
കോളറയായിരുന്നില്ല.
'പേടിക്കാനൊന്നുമില്ല'—;
ഡോക്ടർ തീർത്തുപറഞ്ഞു, ഗുളികയും കൊടുത്തു.

അപ്പോഴാണ് ചെറിച്ചിയുടെ വരവ്!
മാപ്ല മരിച്ചശേഷം ആദ്യമായി പുറത്തിറങ്ങുകയാണ്;
അമ്മായിയെ കണ്ടതും അമ്മായിയുടെ
രണ്ടു കൈകളും ചേർത്തുപിടിച്ചു വിതുമ്പി.
അവരുടെ ചുരുട്ടിയ മുഷ്ടിക്കുള്ളിൽ
ജീർണ്ണിച്ച ഒരു പത്തുരൂപാനോട്ടുണ്ടായിരുന്നു!
അമ്മായി അതു വാങ്ങാൻ കൂട്ടാക്കിയില്ല.
അപ്പോൾ ചെറിച്ചി വിങ്ങി വിങ്ങി പറഞ്ഞു:
'അന്യായപ്പലിശ വാങ്ങുന്നോനും
ഭൂമീലെ കടങ്ങൾ വീട്ടാത്തോനും
സ്വർഗ്ഗരാജ്യം കാണില്ല്യാന്ന് പള്ളീലച്ചൻ
പ്രസംഗിക്കാറില്ല്യേ--തന്തക്ക് ഭൂമീലോ
സൊർഗ്ഗം കൊടുക്കാൻ എനിക്ക് പറ്റീല്യാ,
മരിച്ചാലെങ്കിലും...'
—അമ്മായി രൂപ വാങ്ങി.



Scanned with CamScanner